No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

## വിജ്ഞാപനം

## എം.ബി.ബി.എസ് കോഴ്സിലേക്കുള്ള പ്രവേശനം–2020
## എൻ.ആർ.ഐ സീറ്റുകളിലേയ്ക്കുള്ള പ്രവേശന തീയതി ദീർഘിപ്പിച്ചു.

2020–21 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന തീയതി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ 2020 ജനുവരി 15 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഒഴിവുള്ള എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്കുള്ള പ്രവേശന തീയതി 01.01.2021, 4.00 മണി വരെയായി ദീർഘിപ്പിച്ചു നൽകിയിരിക്കുന്നു. 29.12.2020 ന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എൻ.ആർ.ഐ സീറ്റിൽ പരിഗണിക്കുന്നതിനുള്ള സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ റാങ്ക് അടിസ്ഥാനത്തിൽ മാത്രമേ അതത് കോളേജുകൾ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ. കൊല്ലം അസീസിയ മെഡിക്കൽ കോളേജ്, പാലക്കാട് കരുണ മെഡിക്കൽ കോളേജ് എന്നീ കോളേജുകളിൽ ഒഴിവുള്ള NM(എൻ.ആർ.ഐ മുസ്ലീം) സീറ്റുകൾ നികത്താനാവാത്ത പക്ഷം എൻ.ആർ.ഐ ഓപ്പൺ സീറ്റുകളാക്കി പരിവർത്തനം ചെയ്ത് ഈ ഘട്ടത്തിൽ തന്നെ അതാത് കോളേജുകൾ 01.01.2021 ന് നികത്തുന്നതാണ്. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ 01.01.2021, വൈകുന്നേരം 4.00 മണിയ്ക്ക് മുമ്പായി ഒഴിവുള്ളതും താത്പര്യമുള്ളതുമായ കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശന നടപടികൾ പൂർത്തിയാക്കേണ്ടതാണ്. 01.01.2021, വൈകുന്നേരം, 4.00 മണി വരെ ഹാജരാകുന്ന എല്ലാ വിദ്യാർത്ഥികളുടേയും സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയശേഷം റാങ്കിന്റെ അടിസ്ഥാനത്തിൽ 4.00 മണിയ്ക്കു ശേഷം പ്രവേശനം നൽകുന്നതാണ്. പ്രവേശന മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചായിരിക്കും പ്രവേശന നടപടികൾ പൂർത്തിയാക്കുന്നത്. 01.01.2021 വൈകുന്നേരം 4.00 മണിയ്ക്കുശേഷം എൻ.ആർ.ഐ സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം പ്രസ്തുത സീറ്റുകൾ സ്റ്റേറ്റ് മെറിറ്റ് സീറ്റുകളായി പരിവർത്തനം ചെയ്ത് അലോട്ട്മെന്റിന് ലഭ്യമാക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദാംശം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

Seetha

തിരുവനന്തപുരം
30.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**